**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5056** **11-08-2021 - ൽ മറുപടിയ്ക്ക്**

**ലീഗൽ മെട്രോളജി വകുപ്പിലെ സ്ഥിര നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri G R Anil**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | പുതുതായി അനുവദിച്ച താലൂക്കുകളിൽ ലീഗൽ മെട്രോളജി വകുപ്പിന് കീഴിൽ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലായി എത്ര താൽക്കാലിക ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ ഫുൾടൈം വാച്ചർ തസ്തികയിൽ 9 ഒഴിവും ഓഫീസ് അറ്റന്റഡന്റ് തസ്തികയിൽ 8 ഒഴിവുമാണ് ഉള്ളത്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികകളിൽ സ്ഥിരനിയമനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ സ്ഥിരനിയമനം നടത്തുന്നതിന് നിലവിലുള്ള തടസ്സങ്ങളെന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) | ഇല്ല. പുതുതായി രൂപീകരിച്ച 14 താലൂക്കുകളിൽ ഇൻസ്പെക്ടർ, ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ്, ക്ലർക്ക് എന്നിങ്ങനെ 42 സ്ഥിരം തസ്തികകളും, 14 ഫുൾടൈം വാച്ചർ, 14 ഓഫീസ് അറ്റന്റഡന്റ്, എന്നിങ്ങനെ താല്ക്കാലിക തസ്തികകളും സൃഷ്ടിക്കുവാൻ 6-7-2018-ലെ സ.ഉ(കൈ) നം.27/2018/ഉകാവ പ്രകാരം ഉത്തരവായിരുന്നു. എന്നാൽ സാമ്പത്തിക പ്രതിസന്ധി കാരണം ടി താല്ക്കാലിക തസ്തികകൾ സ്ഥിരം തസ്തികകളാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. പ്രസ്തുത താല്ക്കാലിക തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. |
| (സി) | നിലവിലെ ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമിക്കണമെന്ന കോടതി ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് പ്രകാരം പുതുതായി അനുവദിച്ച താലൂക്കുകളിൽ വകുപ്പിന് കീഴിലെ ഫുൾടൈം വാച്ചർ, ഓഫീസ് അസിസ്റ്റന്റ് എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | ഉണ്ട്. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ച ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും താല്ക്കാലിക നിയമനത്തിന് താൽപര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നും ലഭ്യമാക്കി നിയമനം നടത്തുവാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിൻ പ്രകാരം, പുതുതായി രൂപീകരിച്ച 14 താലൂക്ക് ഓഫീസുകളിൽ, തിരുവനന്തപുരം ജില്ലയിൽ ഉൾപ്പെട്ട കാട്ടാക്കട, വർക്കല എന്നീ 2 ഇൻസ്പെക്ടറാഫീസുകളിലുള്ള ഫുൾടൈം വാച്ചർ, ഓഫീസ് അറ്റന്റഡന്റ് തസ്തികകളിലേക്ക്, താല്ക്കാലിക നിയമനത്തിന് താൽപര്യമുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുവാൻ ലീഗൽ മെട്രോളജി കൺട്രോളർ |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം ജില്ലാ പി.എസ്.സി ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ